**<u>ദേശീയ പതാക</u>**

നിലവിലെ ദേശീയ പതാക ഭരണഘടന നിർമ്മാണസഭ അംഗീകരിച്ച വർഷം -
1947 ജൂലൈ 22

ദേശീയ പതാകയുടെ ശിൽപി - പിംഗലി വെങ്കയ്യ

ദേശീയ പതാകയിൽ മൂന്ന് നിറങ്ങൾ അടങ്ങിയിരിക്കുന്നു (മുകളിൽ കുങ്കുമം, മധ്യത്തിൽ വെള്ള, താഴെ പച്ച)

കുങ്കുമ നിറം - ധീരത, ത്യാഗം

പച്ച നിറം - സമൃദ്ധി, ഫലഭൂയിഷ്ഠത

വെള്ളനിറം - സത്യസന്ധത, സമാധാനം

ദേശീയ പതാകയുടെ നിറങ്ങൾക്കും, അശോക ചക്രത്തിനും വ്യക്തമായ നിർവചനം നൽകിയത് -
ഡോ.എസ്.രാധാകൃഷ്ണൻ

ദേശീയ പതാകയുടെ വെള്ള നിറത്തിനു നടുവിലായി അശോക ചക്രം ആലേഖനം ചെയ്തിരിക്കുന്നു.

അശോകചക്രത്തിൻ്റെ നിറം - നാവിക നീല (Navy blue)

അശോകചക്രം സ്വീകരിച്ചിരിക്കുന്നത് - ഉത്തർപ്രദേശിലെ സാരാനാഥിലുള്ള ഡീർപാർക്കിലെ അശോകസ്തംഭത്തിൽ നിന്ന്

അശോകചക്രത്തിലെ ആരക്കാലുകളുടെ എണ്ണം - 24

ഇന്ത്യൻ ദേശീയ പതാകയുടെ ആകൃതി -
ദീർഘ ചതുരാകൃതി

ദേശീയ പതാകയുടെ നീളവും വീതിയും തമ്മിലുള്ള
അനുപാതം - 3:2
(വീതിയും നീളവും തമ്മിലുള്ള അനുപാതം 2:3)

ദേശീയ പതാകനിർമ്മാണത്തിന് ഖാദിയോ കൈത്തറി
തുണിയോ മാത്രമേ ഉപയോഗിക്കാവു.

1947 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ ദേശീയ
പതാക ചെങ്കോട്ടയിൽ ഉയർത്തിയത് - ജവഹർലാൽ
നെഹ്റു

എല്ലാ വർഷവും റിപ്പബ്ലിക് ദിനത്തിൽ ദേശീയ പതാക
ഉയർത്തുന്നത് - ഇന്ത്യൻ രാഷ്ട്രപതി (രാജ്പഥിൽ വച്ച്)

എല്ലാ വർഷവും സ്വാതന്ത്ര്യദിനത്തിൽ ദേശീയ പതാക
ഉയർത്തുന്നത് - ഇന്ത്യൻ പ്രധാനമന്ത്രി (ചെങ്കോട്ടയിൽ വച്ച്)

ചെങ്കോട്ടയിൽ ദേശീയപതാക ഉയർത്താൻ അവസരം
ലഭിക്കാത്ത പ്രധാനമന്ത്രിമാർ - ചന്ദ്രശേഖർ, ഗുൽസാരിലാൽ
നന്ദ (Acting)

ഇന്ത്യയിലെ ഏക ദേശീയ പതാക നിർമ്മാണശാല -
കർണാടക ഖാദി ഗ്രാമോദ്യോഗ സംയുക്ത സംഘം (KKGSS)
(ഹൂബ്ലി, കർണാടക)

KKGSS സ്ഥാപിച്ച വർഷം - 1957 നവംബർ 01

ഭരണഘടന നിർമ്മാണസഭയിൽ ദേശീയ പതാകയ്ക്കായി രൂപീകരിച്ച അഡ്-ഹോക് കമ്മിറ്റിയുടെ ചെയർമാൻ - രാജേന്ദ്രപ്രസാദ്

ഇന്ത്യയുടെ ദേശീയ പതാകയെ ആദ്യമായി ബഹിരാകാശത്ത് എത്തിച്ച ദൗത്യം - അപ്പോളോ 15 (1971)

പതാകകളെപ്പറ്റിയുള്ള പഠനം - വെക്സസിലോളജി

ദേശീയ പതാകയുടെ ഉപയോഗത്തെക്കുറിച്ച് പൗരന്മാരിൽ അവബോധം ഉളവാക്കുന്ന തിനായി തയ്യാറാക്കപ്പെട്ട നിയമാവലി - ഇന്ത്യൻ പതാക നിയമം

ഇന്ത്യൻ പതാക നിയമം നിലവിൽ വന്നത് - 2002 ജനുവരി 26

പതാക നിയമ കമ്മിറ്റിയുടെ ചെയർമാൻ - പി.ഡി.ഷേണായി

ഇന്ത്യൻ പതാക നിയമം ഭേദഗതി വരുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച വ്യക്തി - നവീൻ ജിൻഡാൽ

ഫ്ളാഗ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകൻ - നവീൻ ജിൻഡാൽ

## <u>ദേശീയ ചിഹ്നം</u>

ഇന്ത്യയുടെ ദേശീയ ചിഹ്നം എടുത്തിട്ടുള്ളത് - സാരാനാഥിലെ ഡീർപാർക്കിലെ അശോകസ്തംഭത്തിൽ നിന്ന്

സിംഹമുദ്രയിൽ ആലേഖനം ചെയ്തിരിക്കുന്ന മൃഗങ്ങൾ - സിംഹം, കാള, കുതിര, ആന

ദേശീയ ചിഹ്നം രൂപകൽപ്പന ചെയ്ത് - ദീനാനാഥ് ഭാർഗവ

ദേശീയമുദ്രയുടെ ചുവട്ടിൽ ആലേഖനം ചെയ്തിരിക്കുന്ന വാക്യം - സത്യമേവ ജയതേ

സത്യമേവ ജയതേ എന്ന വാക്യം എടുത്തിരിക്കുന്നത് - മുണ്ഡകോപനിഷത്ത്

ബ്രിട്ടീഷ് ഭരണകാലത്തെ ദേശീയ ചിഹ്നം - സ്റ്റാർ ഓഫ് ഇന്ത്യ

ദേശീയ ചിഹ്നത്തിൻ്റെ ദുരുപയോഗം നിരോധിച്ചു കൊണ്ട് നിയമം പാസാക്കിയ വർഷം - 2005

## <u>മത്സ്യബന്ധനം</u>

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷൻ - മത്സ്യഫെഡ്

മത്സ്യഫെഡിൻ്റെ ഉൽപ്പന്നം - ന്യൂട്രിഫിഷ്

കേരളാ ഫിഷറീസ് കോർപ്പറേഷൻ സ്ഥാപിതമായ വർഷം - 1966

കേരള തീരത്തു നിന്ന് ഏറ്റവും കൂടുതൽ ലഭിക്കുന്ന മത്സ്യം - മത്തി

കേരളത്തിൽ നിന്ന് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന മത്സ്യം - ചെമ്മീൻ

ഇന്ത്യയിൽ നിന്നും ഏറ്റവും അധികം കയറ്റുമതി ചെയ്യപ്പെടുന്ന കേരളത്തിലെ അലങ്കാര മത്സ്യം - മിസ്കേരള

സമുദ്ര മത്സ്യ ഉല്പ്പാദനത്തിൽ ഒന്നാം സ്ഥാനത്തുള്ള ജില്ല - കൊല്ലം
(രണ്ടാമത്- എറണാകുളം, മൂന്നാമത് - കണ്ണൂർ)

ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്തുള്ള ജില്ലകൾ - ആലപ്പുഴ, കോട്ടയം

സംസ്ഥാനത്തെ മൊത്തം മത്സ്യ ഉല്പാദനത്തിൽ ഒന്നാം സ്ഥാനത്തുള്ള ജില്ല - കൊല്ലം (രണ്ടാമത് - ആലപ്പുഴ, മൂന്നാമത് - എറണാകുളം)

നീണ്ടകര ഏത് മേഖലയിലാണ് പ്രശസ്തം - മത്സ്യബന്ധനം

ഉൾനാടൻ മത്സ്യ തൊഴിലാളികൾ ഏറ്റവുമധിക മുള്ള ജില്ല - എറണാകുളം

കടലിനെ ആശ്രയിച്ച് കഴിയുന്ന മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതലുള്ള ജില്ല - തിരുവനന്തപുരം

മത്സ്യതൊഴിലാളികൾക്ക് ബയോമെട്രിക് കാർഡ് സംവിധാനം നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം - കേരളം

മീൻപിടിത്തത്തിനിടയിലുണ്ടാകുന്ന അപകടങ്ങളിൽ നിന്ന് മത്സ്യ തൊഴിലാളികളെ ഉപഗ്രഹ സഹായത്തോടെ രക്ഷപ്പെടുത്തുന്ന സംവിധാനം - സെർച്ച് ആൻഡ് റെസ്ക്യൂ ബീക്കൺ

കേരളത്തിലെ കടൽ മത്സ്യബന്ധന നിയന്ത്രണ നിയമങ്ങൾ (KMFRA) നിലവിൽ വന്ന വർഷം - 1980

കേരളത്തിൽ ട്രോളിംഗ് നിരോധനം പ്രാബല്യത്തിൽ വന്ന വർഷം - 1988

സംസ്ഥാനത്തെ തീരദേശമേഖലയുടെ സമഗ്രമായ വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായുള്ള സംസ്ഥാന സർക്കാർ സ്ഥാപനം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ).ഡി.സി)

സംസ്ഥാനത്തെ വനിത മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിനും വികസനം സാധ്യ മാക്കുന്നതിനും വേണ്ടി സ്ഥാപിതമായ ഏജൻസി - സൊസൈറ്റി ഫോർ അസിസ്റ്റൻസ് റ്റു ഫിഷർവുമൺ

കേരളത്തിലെ തീരദേശമേഖലയുടെ വികസനം ലക്ഷ്യമാക്കി വനിതാ മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതി - തീരമൈത്രി

കേരളത്തിലെ ഏറ്റവും വലിയ മത്സ്യത്തൊഴിലാളി ഫ്ളാറ്റ് സമുച്ചയം നിലവിൽ വന്ന ജില്ല - ആലപ്പുഴ

മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി - മാതൃകാ മത്സ്യഗ്രാമം

കേരളത്തിലെ ആദ്യ മാതൃകാ മത്സ്യബന്ധന ഗ്രാമം - കുമ്പളങ്ങി

ഉൾനാടൻ മത്സ്യ സമ്പന്നത വർദ്ധിപ്പിക്കാൻ കേരള സർക്കാർ ഫിഷറീസ് വകുപ്പിൻ്റെ പദ്ധതി -
ഒരു നെല്ലും ഒരു മീനും

ജൈവകൃഷി മാതൃകയിൽ മത്സ്യകൃഷി ജനകീയമാക്കാനുള്ള കേരള ഫിഷറീസ് വകുപ്പിൻ്റെ പദ്ധതി - മുറ്റത്തൊരു മീൻതോട്ടം

മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയുന്നതിനുവേണ്ടി Central Institute of Fisheries Technology (CIFT) വികസിപ്പിച്ച റാപ്പിഡ് ഡിറ്റക്ഷൻ കിറ്റ് - Check 'N' Eat

മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനുവേണ്ടി CIFT കേരള സർക്കാരും ചേർന്ന് ആരംഭിച്ച ടെസ്റ്റ് കിറ്റ് - CIF Test Kit